# മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതി

## സോഷ്യൽ  ഓഡിറ്റ് സൊസൈറ്റി, കേരള

# തിരുവനന്തപുരം ജില്ല

## സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്

24/08/2019 – 31/08/2019

## ബ്ലോക്ക് - പാറശ്ശാല

## ഗ്രാമ പഞ്ചായത്ത് – പൂവാർ

## വാർഡ് - പരണിയം (1)

## ആമുഖം

ഇന്ത്യയിലെ ദരിദ്രരായ ഗ്രാമീണ ജനതയുടെ ദാരിദ്ര്യം ലഘൂകരിക്കുന്നതിനും അവരുടെ ജീവിത സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിനും വേണ്ടി രൂപം കൊടുത്തിട്ടുള്ള ഒരു ബൃഹത്പദ്ധതിയാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. കാർഷിക മേഖലയിലും നിർമ്മാണ മേഖലയിലും തൊഴില് ലഭിക്കാതെ ഗ്രാമീണ ജനത ബുദ്ധിമുട്ടനുഭവിക്കുമ്പോൾ അവർക്ക് 100 ദിവസത്തെ തൊഴിലെങ്കിലും ഉറപ്പു വരുത്തുവാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു. ഇങ്ങനെ തൊഴിൽ നല്കുന്നതിന് ഏറ്റെടുക്കുന്ന വിവിധ പദ്ധതികളിലൂടെ രാജ്യത്തിന്റെ മണ്ണും ജലവും പരമാവധി സംരക്ഷിക്കുന്നതിന് സാദ്ധ്യമാകും എന്നും പ്രതീക്ഷിക്കുന്നു.

തൊഴിൽ ആവശ്യപ്പെടുന്നവർക്ക് നിശ്ചിത കാലയളിനുള്ളിൽ തൊഴിൽ ലഭിക്കുന്നുവെന്നും അതിന് നിർണയിക്കപ്പെട്ടിട്ടുള്ള വേതനം നിർദിഷ്ട സമയത്തിനുള്ളിൽ ലഭിക്കുന്നുവെന്നും ഉറപ്പു വരുത്തുന്നതിന് ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയിട്ടുള്ള നിയമമാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് നിയമം. 2005 ആഗസ്റ്റ് 23-ാം തിയ്യതിയാണ് പാർലമെന്റ് ഈ നിയമം പാസ്സാക്കുന്നത്.

തൊഴിലും വേതനവും നിർദ്ദിഷ്ട സമയത്തിനുള്ളിൽ കൃത്യമായി ലഭിക്കുന്നതിനുള്ള അവകാശം നിയമപരമായി ഉറപ്പു വരുത്തുന്നതാണ് ഈ നിയമത്തിന്റെ സവിശേഷത. തൊഴിൽ ലഭിച്ചില്ലെങ്കിൽ തൊഴിലില്ലായ്മ വേതനവും തൊഴിലെടുത്തശേഷം വേതനം വൈകുകയോ ലഭിക്കാതിരിക്കുകയോ ചെയ്താല് നഷ്ടപരിഹാരവും ഈ നിയമം വ്യവസ്ഥ ചെയ്യുന്നു.

തൊഴിൽ ആവശ്യപ്പെടുന്നവർക്ക് 15 ദിവസത്തിനുള്ളിൽ തൊഴിൽ നല്കിയിരിക്കണമെന്നാണ് വ്യവസ്ഥ. അല്ലാത്തപക്ഷം പതിനാറാമത്തെ ദിവസം മുതൽ അവർക്ക് തൊഴിലില്ലായ്മ വേതനത്തിന് അർഹതയുണ്ടായിരിക്കും. അതുപോലെ ചെയ്ത തൊഴിലിന്റെ വേതനം 14 ദിവസത്തിൽ കൂടുതൽ വൈകിയാൽ വൈകുന്ന ഒരോ ദിവസത്തിനും നഷ്ടപരിഹാരം ലഭിക്കുന്നതിനും അർഹതയുണ്ട്. തൊഴിൽ ആവശ്യപ്പെടുന്നവർക്ക് തൊഴിലോ തൊഴിലില്ലായ്മ വേതനമോ ഉറപ്പായും ഉറപ്പ് വരുത്തുന്നുവെന്നതാണ് തൊഴിലുറപ്പ് നിയമത്തിന്റെ പ്രത്യേകത.

ഇന്ത്യയിലെ ഏറ്റവും പിന്നോക്കമായ 200 ഗ്രാമീണ ജില്ലകളിൽ 2006 ഫെബ്രുവരി 2ആം തീയതി ഈ നിയമം നിലവിൽ വരുകയും പദ്ധതി നടപ്പിലാക്കുകയും ചെയ്തു. കേരളത്തിൽ വയനാടും, പാലക്കാടും ഈ 200 ജില്ലകളിൽ ഉൾപ്പെട്ടിരുന്നു . 2017 മെയ് 15 ന് 130 ജില്ലകളിലേക്ക് കൂടി ഇത് വ്യാപിപ്പിച്ചു. ഇടുക്കി, കാസർകോഡ് ജില്ലകൾ ഇതിൽ ഉൾപ്പെട്ടിരുന്നു. 2008 ഏപ്രില് 1 ന് ഇന്ത്യയിലെ ബാക്കി മുഴുവൻ ജില്ലകളിലേക്കും ഇത് വ്യാപിപ്പിച്ചു. ഇന്ന് ഇന്ത്യയിലെ മുഴുവന് ഗ്രാമീണ ജില്ലകളിലും ഈ പദ്ധതി നിലവിലുണ്ട്. ആഗോളതലത്തിൽ സവിശേഷ ശ്രദ്ധയാകർഷിച്ച ഒരു അവകാശാധിഷ്ഠിത തൊഴിൽ നിയമമെന്ന നിലയിലും ഗ്രാമീണ മേഖലയിൽ ദാര്യദ്ര ലഘൂകരണത്തിൽ നിർണ്ണായക വഴിത്തിരിവ് സൃഷ്ടിച്ച ബൃഹത് പദ്ധതി എന്നകാര്യം പരിഗണിച്ചും 2009 ഒക്ടോബര് 2-ാം തീയതി കേന്ദ്ര സർക്കാർ ഈ നിയമത്തെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെന്ന് പുനർനാമകരണം ചെയ്തു.

## തിരുവനന്തപുരം ജില്ല

കേരളത്തിന്റെ തെക്കേ അറ്റത്തുള്ളതും സംസ്ഥാനത്തിന്റെ തലസ്ഥാന നഗരം ഉൾക്കൊള്ളുന്നതുമായ ജില്ല. ഭാരതത്തിന്റെ തെക്കേ അറ്റമായ കന്യാകുമാരി തിരുവനന്തപുരം ജില്ലയുടെ അതിരായ പാറശാലയിൽ നിന്നും 56 കിലോമീറ്റർ അകലെയായി സ്ഥിതി ചെയ്യുന്നു .

### പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത്

തമിഴ്നാടിന്റെ അതിർത്തിയും കേരളത്തിന്റെ തെക്കേ അറ്റവുമായ ബ്ലോക്ക്പഞ്ചായത്താണ് പാറശ്ശാല ബ്ലോക്ക്പഞ്ചായത്ത്. തമിഴ്, മലയാളം എന്നീ ഭാഷകളുടെ സംഗമസ്ഥാനം കൂടിയായതിനാൽ ജനങ്ങൾക്ക് കലയോടും, സംസ്ക്കാരത്തോടും നല്ല മതിപ്പുണ്ട്. പരമ്പരാഗത കുടിൽ വ്യവസായമായ കരിപ്പട്ടി നിർമ്മാണത്തിൽ തുടങ്ങി ആധുനിക വ്യവസായ സംരംഭങ്ങൾ വരെ ഇവരുടെ ജീവിതത്തെ സ്വാധീനിക്കുന്നുണ്ട്. ഭൂരിഭാഗം ആളുകളും ദ്വിഭാഷികളാണ്.

പാറശ്ശാല ബ്ലോക്ക് പരിധിയിൽ ചെങ്കൽ , കാരോട്, കുളത്തൂർ, ,പൂവാർ , പാറശ്ശാല, തിരുപുറം എന്നിങ്ങനെ 6 പഞ്ചായത്തുകളാണ് ഉള്ളത്.

## പൂവാർ ഗ്രാമപഞ്ചായത്ത്

1969 സെപ്റ്റംബർ 25 നാണ് പൂവാർ ഗ്രാമ പഞ്ചായത്ത് നിലവിൽവന്നത്. തിരുവനന്തപുരം ജില്ലയിലെ കടലോര മേഖലകളിൽ ഉൾപ്പെടുന്ന ഒരു ഗ്രാമ പഞ്ചായത്താണ് പൂവാർ . തിരുവിതാംകൂർ , കൊച്ചി രാജ്യങ്ങളിലെ വാണിജ്യ വളർച്ചയെ ഒട്ടേറെ സഹായിക്കാൻ പൂവാർ പ്രദേശത്തിനായിട്ടുണ്ട്. പഞ്ചായത്തിലെ നാല് വാർഡുകൾ പൂർണ്ണമായും തീരദേശ വാർഡുകളാണ്. മറ്റു വാര്ഡുകൾ എല്ലാം തന്നെ കാര്ഷിക മേഖലയെ ആശ്രയിക്കുന്ന വാർ ഡുകളാണ്.

### അടിസ്ഥാനവിവരങ്ങള്

വില്ലേജ്-പൂവാർ

താലൂക്ക്- നെയ്യാറ്റിൻ കര

വിസ്തീർണ്ണം - 7.34 ച.കി.മീ.

വാർഡുകളുടെ എണ്ണം – 15

ജനസംഖ്യ-22617

### അതിരുകൾ

കിഴക്ക്-നെയ്യാർ

വടക്ക്- തിരുപുറം ഗ്രാമ പഞ്ചായത്ത്

തെക്ക്-അറേബ്യൻ കടൽ

പടിഞ്ഞാറ്- കരുംകുളം ഗ്രാമ പഞ്ചായത്ത്

# പരണിയം വാർഡ്

കാർഷിക മേഖലയിൽ പ്രാമുഖ്യമുള്ള വാർഡാണ് പരണിയം. പ്രകൃതി ഒരുക്കുന്ന പച്ചപ്പും ജലസ്രോതസുകളും പ്രദേശത്തിന് ചാരുതയേകുന്നു.

## <u>സോഷ്യൽ ഓഡിറ്റ്</u>

മറ്റു പദ്ധതിയിൽ നിന്നും തൊഴിലുറപ്പ് പദ്ധതിയെ വ്യത്യസ്തമാക്കുന്നത് സോഷ്യൽ ഓഡിറ്റ് ആണ്. തൊഴിലുറപ്പ് നിയമം 17 (2 )വകുപ്പിൽ തൊഴിലുറപ്പ് പദ്ധതിയിലൂടെ ഏറ്റെടുത്ത എല്ലാ പ്രവർത്തികളും സംബന്ധിച്ച് സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ കൃത്യമായ ഇടവേളകളിൽ നടത്തണമെന്ന് സുതാര്യത ഉറപ്പു വരുത്തണമെന്നും അനുശാസിക്കുന്നു. സോഷ്യൽ ഓഡിറ്റിനു വേണ്ട സൗകര്യങ്ങൾ ചെയ്തു കൊടുക്കുക, രജിസ്റ്ററുകളും റെക്കോർഡുകളും ലഭ്യമാക്കുക, എന്നിവ ഗ്രാമപഞ്ചായത്തിലെ ചുമതലകളാണ്.

ഗ്രാമസഭകൾ ആണ് സോഷ്യൽ ഓഡിറ്റ് വേദികൾ ഒരുക്കുന്നത്. ഗ്രാമസഭ ആറുമാസത്തിലൊരിക്കൽ നിർബന്ധമായും സോഷ്യൽ നടത്തിയിരിക്കണം. സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയുടെ തീയതി, അജണ്ട, വേദി എന്നിവ നിശ്ചയിച്ച 7 ദിവസം മുൻപ് ജനങ്ങൾക്ക് വിവരം നൽകിയിരിക്കണം. പദ്ധതിയുടെ ആസൂത്രണം, നിർവ്വഹണ, മോണിറ്ററിംഗ് തുടങ്ങിയ ചുമതലകൾ ഉള്ള എല്ലാ വ്യക്തികളും സോഷ്യൽ ഗ്രാമസഭയിൽ നിർബന്ധമായും പങ്കെടുക്കണം.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സുഗമമായും സുതാര്യമായും സോഷ്യൽ ഓഡിറ്റ് നടത്തുന്നതിന് കേരളത്തിൽ സ്വതന്ത്ര ചുമതലയുള്ള സോഷ്യൽ ഓഡിറ്റ് യൂണിറ്റ് 31.1.2017 നിലവിൽ വന്നു. യൂണിറ്റ് ട്രാവൻകോർ ചാരിറ്റബിള് സൊസൈറ്റി നിയമം 1955(No.TVM/TC/123/2017) പ്രകാരം രെജിസ്റ്റർ ചെയ്തിട്ടുള്ളതാണ്.

## <u>7 രജിസ്റ്റർ പരിശോധന</u>

കേന്ദ്ര സർക്കാരിന്റെ നിർദ്ദേശപ്രകാരം താഴെപ്പറയുന്ന 7 രജിസ്റ്ററുകൾ നിർബന്ധമായും ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടവയാണ്.

1) തൊഴിൽ കാർഡിനുള്ള കുടുംബാപേക്ഷയുടെ രജിസ്റ്റർ

2) ഗ്രാമസഭ രജിസ്റ്റർ

3) തൊഴിൽ ആവശ്യപ്പെട്ടതും തൊഴിൽ കൊടുത്തതും സംബന്ധിച്ച രജിസ്റ്റർ

4) പ്രവര്ത്തിയുടെ ലിസ്റ്റും ചിലവും വിശദാംശങ്ങളും സംബന്ധിച്ച രജിസ്റ്റർ

5) സ്ഥിര ആസ്തികളുടെ രജിസ്റ്റർ

6) പരാതി രജിസ്റ്റർ

7) സാധന രജിസ്റ്റർ

## പഞ്ചായത്തിലെ 7രജിസ്റ്റർ പരിശോധനവിശദാംശങ്ങൾ -

### 1. ജോബ് കാർഡ് രജിസ്റ്റർ

138 പേരുടെ വിശദാംശങ്ങളുടെ രേഖപ്പെടുത്തലുണ്ട്. ഒരാളുടെ ഫോട്ടോ, മറ്റു വിശദാംശങ്ങൾ എന്നിവ രേഖപ്പെടുത്തീട്ടില്ല.

### 2. ഗ്രാമസഭാ രജിസ്റ്റർ

2017 (2/2/2017) മുതലുള്ള ഗ്രാമസഭ മിനിറ്റ്സ്കളുടെ രേഖപ്പെടുത്തലുണ്ട്. ഇതില് രണ്ടു മിനിട്സുകളുടെ രേഖപ്പെടുത്തലുകൾ പൂർ ണ്ണമല്ല. 2019- 2020 സാമ്പത്തിക വർഷത്തിലെ 11/07/2019 ൽ കൂടിയ ഗ്രാമസഭയുടെ മിനിട്സിൽ, ഗ്രാമസഭ നോട്ടീസ്,86 പേരുടെ പേര്, ഒപ്പ് തുടങ്ങിയ വിശദാംശങ്ങൾ എന്നിവ ഉണ്ട്. എന്നാൽ മിനിട്സ് പൂർത്തികരിച്ചിട്ടില്ല .

### 3. തൊഴിൽ ആവശ്യപ്പെട്ടതും തൊഴിൽ അനുവദിച്ചതും സംബന്ധിച്ചരജിസ്റ്റർ

വ്യക്തമായ രേഖപ്പെടുത്തലുണ്ട്.

4. **പ്രവര്ത്തിയുടെ ലിസ്റ്റും ചിലവും വിശദാംശങ്ങളും സംബന്ധിച്ച രജിസ്റ്റര്**

255 പ്രവർത്തികളുടെ വിശദാംശങ്ങളുണ്ട്.2018/19ലെ രേഖപ്പെടുത്തലുകളില്ല.

## 5. സ്ഥിര ആസ്ഥികളുടെ രജിസ്റ്റർ

2017/18 വരെ പൂർത്തിയാക്കിയ പ്രവർത്തികളുടെ വിശദാംശങ്ങളുണ്ട്. ക്രമ നമ്പറുകൾ , ആവശ്യമായ സാക്ഷ്യപ്പെടുത്തലുകൾ എന്നിവ ഇല്ല.

## 6. സാധന രജിസ്റ്റർ

2018/19 മുതലുള്ള രേഖപ്പെടുത്തലുകളില്ല.

## 7. പരാതി രജിസ്റ്റർ

20/10/2016 ല് രജിസ്റ്റർ ചെയ്ത ഒരു പരാതി മാത്രമാണ് രജിസ്റ്ററിലുള്ളത്. ഇതിൽ സാക്ഷ്യപ്പെടുത്തലുകലുണ്ടായിരുന്നില്ല.

# സോഷ്യൽ ഓഡിറ്റിനു വിധേയമാക്കിയ പ്രവ ർത്തികളിലൂടെ

# 1.ഗ്രൂപ്പുകളുടെ പാട്ടകൃഷിക്ക് അടിസ്ഥാന സൗകര്യമൊരുക്കുക – LD/315625

**ഫയൽ**

- നിയമപ്രകാരം ഫയലിൽ ഉൾപ്പെടുത്തേണ്ടതായ 22 രേഖകളിൽ ഭരണാനുമതി, സാങ്കേതികാനുമതി, വിശദമായ എസ്റ്റിമേറ്റ്, റൂട്ട്മേപ്പ്, മസ്ട്രോൾ,വേജ്ലിസ്റ്റ്,ഡിമാന്റ്ഫോം ,മെഷർമെന്റ്ബുക്ക്, ഫോട്ടോകൾ,സൈറ്റ് ഡയറി, മൂല്യനിർ ണ്ണയ സാക്ഷ്യപത്രം എന്നീ രേഖകൾ ഫയലിൽ ഉണ്ട്.
- 21പേരുടെ എഴുതി തയ്യാറാക്കിയ ഡിമാന്റ് ഫോറമാണ് ഫയലിൽ ഉള്ളത്. ഡിമാന്റ് ഫോമിൽ Mgnrega AE അപേക്ഷകർക്ക് തൊഴിൽ അനുവദിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു.
- മസ്ട്രോളുകളിൽ അവശ്യമായ സാക്ഷ്യപ്പെടുത്തലുകളിൽ പരിശോധന ഉദ്യോഗസ്ഥൻ ഒഴികെ മറ്റുള്ള ബന്ധപ്പെട്ട അധികാരികളുടെ സാക്ഷ്യപ്പെടുത്തലുകൾ ഉണ്ട്.
- മസ്ട്രോളിൽ 46 തിരുത്തലുകളും,7 തൊഴിലാളികൾ പ്രവർത്തിയിൽ

തുടർച്ചയായി ഹാജരാകാത്തതായും രേഖപ്പെടുത്തിക്കാണുന്നു.

- പാട്ടക്കരാർ ഫയലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.
- സൈറ്റ്ഡയറിയിൽ വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി അംഗങ്ങളായി ADS അംഗങ്ങളായ 7 പേരാണ് ഒപ്പ് രേഖപ്പെടുത്തിയിരിക്കുന്നത്.
- പ്രവർത്തി പൂർത്തീകരിച്ചു എങ്കിലും പ്രവർത്തി പൂർത്തീകരണ സാക്ഷ്യപത്രം ഫയലിൽ ഉണ്ടായിരുന്നില്ല.

**ഫീൽഡ്**

- മൂന്നു പുരയിടങ്ങളിലായി മെഷർമെന്റ് ബുക്ക്പ്രകാരം 115 വാഴക്കുഴികൾ, 100 മീറ്റർ ബണ്ടുകളുടെ നിർമ്മാണം എന്നിങ്ങനെയുള്ള പ്രവർത്തികൾ നടപ്പിലാക്കിയിട്ടുള്ളതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്.
- ഫീൽഡ് പരിശോധനയിൽ നിന്നും 71 വാഴക്കുഴിക ,99.4 മീറ്റർ ബണ്ട് എന്നിവ കാണാൻ സാധിച്ചു.
- ഭൂരിഭാഗവും കാടുപിടിച്ച നിലയിലാണ് പ്രവർത്തി സ്ഥലമുള്ളത്.
- സിറ്റിസൺ ഇൻഫർമേഷൻ ബോർഡിലെ രേഖപ്പെടുത്തലുകൾ കാണാൻ സാധിച്ചില്ല.
- പ്രവർത്തിയിലൂടെ 659 തൊഴിൽ ദിനങ്ങളിലായി 183696 രൂപ ചിലവഴിച്ചിട്ടുണ്ട്.

## 2. ഗ്രൂപ്പുകളുടെ പാട്ടകൃഷിക്ക് അടിസ്ഥാന സൗകര്യമൊരുക്കുക – LD/315624

### ഫയൽ

- 23 പേരുടെ ഡിമാന്റ് ഫോം ഉണ്ടായിരുന്നു. ഡിമാന്റ് ഫോമിൽ അപേക്ഷ നല്കിയ തീയതി, അപേക്ഷ നല്കിയ ആളിന്റെ പേര് തുടങ്ങിയ വിശദാംശങ്ങൾ ഇല്ല.

- മസ്ട്രോളിൽ 3തൊഴിലാളികൾ പ്രവർത്തിയിൽ തുടർച്ചയായി ഹാജരാകാത്തതായി രേഖപ്പെടുത്തിയിരിക്കുന്നു.

**ഫീൽഡ്**

- രണ്ടു പുരയിടങ്ങളിലായി മെഷർമെന്റ് ബുക്ക് പ്രകാരം 198 വാഴക്കുഴികൾ ,ബണ്ടുകൾ ,ഭൂമി കൃഷിക്ക് പാകപ്പെടുത്തൽ എന്നിങ്ങനെയുള്ള പ്രവർത്തികൾ നടപ്പിലാക്കിയിട്ടുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു.
- ഫീൽഡ് പരിശോധനയിൽ നിന്നും 192 വാഴകൾ നട്ടിട്ടുള്ളതായി കാണാൻ സാധിച്ചു. ഭൂരിഭാഗം പ്രവർത്തി സ്ഥലവും കാടുപിടിച്ച നിലയിലാണ്.
- പ്രവർത്തി സ്ഥലത്ത് ഉണ്ടായിരുന്നു എങ്കിലും പ്രവർത്തിയുമായി ബന്ധപ്പെട്ട ബോർഡ് അല്ലായിരുന്നു ഉണ്ടായിരുന്നത്.
- സിറ്റിസൺ ഇൻഫർമേഷൻ ബോർഡിൽ പ്രവർത്തിയിലൂടെ 665 തൊഴിൽ ദിനങ്ങളിലായി 185427 രൂപ ചിലവഴിച്ചിട്ടുണ്ട്.

## 3.ഗ്രൂപ്പുകളുടെ പാട്ടകൃഷിക്ക് അടിസ്ഥാന സൗകര്യമൊരുക്കുക LD/315635

**ഫയല്**

- 22 പേരുടെ ഡിമാന്റ് ഫോറമാണ് ഫയലിൽ ഉള്ളത്.
- മസ്ട്രോളിൽ 20 തിരുത്തലുകളും, 6 തൊഴിലാളികൾ തുടർച്ചയായി പ്രവർത്തിയിൽ ഹാജരാകാത്തതായും രേഖപ്പെടുത്തിയിരിക്കുന്നു.
- തൊഴിലാളിയുടെ ഒപ്പിനുമേൽ ആബ്സെന്റ് രേഖപ്പെടുത്തിയിരിക്കുന്നു . ( നാൻ സി 001/16).

**ഫീൽഡ്**

- നാലു പുരയിടങ്ങളിലായി മെഷർമെന്റ് ബുക്ക് പ്രകാരം 137 വാഴക്കുഴികൾ, 270 മീറ്റർ നീളത്തിൽ ബണ്ടുകൾ, ഭൂമി കൃഷിക്ക് അനുയോജ്യമാക്കൽ എന്നിങ്ങനെയുള്ളപ്രവർത്തി നടപ്പിലാക്കിയിട്ടുള്ളതായി രേഖപ്പെടുത്തിക്കാണുന്നു.
- ഫീൽഡ് പരിശോധനയിൽ 107 വാഴകൽ (ഇതിൽ 19 കുഴികൾ ഏറെക്കുറെ മൂടിയ നിലയിലാണ്) നട്ടിട്ടുള്ളതായും കാണാൻ സാധിച്ചു.
- സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് പ്രവർത്തിസ്ഥലത്ത് ഉണ്ടായിരുന്നു.
- പ്രവർത്തിയിലൂടെ 184317 രൂപ ചിലവഴിച്ചിട്ടുണ്ട്.

**4. ഭൂവികസനപ്രവര്ത്തികൾ - WC/332398**

**ഫയൽ**

- രണ്ടു ഡിമാന്റ്ഫോമുകളിലായി 22,30 പേരുടെ അപേക്ഷ ഉണ്ടായിരുന്നു..
- മസ്ട്രോളിൽ 6തിരുത്തലുകളും,3തൊഴിലാളികൾ തുടർച്ചയായി ഹാജരാകാത്തതായ രേഖപ്പെടുത്തലും ഉണ്ട്.
- സൈറ്റ് ഡയറിയിലെ ചെക്ക് ലിസ്റ്റിൽ രേഖപ്പെടുത്തൽ പൂർണ്ണമല്ല. വിജിലൻസ് ആൻഡ് മോണിട്ടറിംഗ് കമ്മിറ്റി അംഗങ്ങൾ ആയി രണ്ടു പേര് മാത്രമാണ് ഒപ്പ് രേഖപ്പെടുത്തിയിരിക്കുന്നത്. സന്ദർശകക്കുറിപ്പിൽ എ.ഇ, ഓവർസിയർ എന്നിവരുടെ രേഖപ്പെടുത്തലുകൾ ഇല്ല.

## ഫീൽഡ്

- 6 പുരയിടങ്ങളിലായി മെഷർമെന്റ് ബുക്ക് പ്രകാരം 41 മഴക്കുഴികൾ, 45 തെങ്ങിൻകുഴികൾ, 220മീറ്റർ ബണ്ട്എന്നീ

പ്രവർത്തികൾ നടപ്പിലാക്കിയിട്ടുള്ളതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

- ഫീൽഡ് പരിശോധനയിൽ 15 തെങ്ങിൻകുഴികൾ, 12 മഴക്കുഴികൾ, 117.5 മീറ്റർ ബണ്ട് എന്നിവ കാണാൻ സാധിച്ചു.
- സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് ഉണ്ടായിരുന്നു.
- പ്രവർത്തിയിലൂടെ 162167 രൂപ ചിലവഴിച്ചിട്ടുണ്ട്.

**5.ഭൂവികസന പ്രവർത്തികൾ ---- wc/332398**

**ഫയൽ**

- 25 പേരുടെ ഡിമാന്റ് ഫോം ഉണ്ടായിരുന്നു.
- മസ്ട്രോളിൽ 8 തിരുത്തലുകളും 5 പേർ തുടർച്ചയായി പ്രവർത്തിയിൽ ഹാജരാകാത്തതായും രേഖപ്പെടുത്തി കാണുന്നു . ഇതിൽ ഒരാൾ ഭൂഉടമയുമാണ്.

**ഫീൽഡ്**

- രണ്ടുപുരയിടങ്ങളിലായി പ്രവർത്തി നടപ്പിലാക്കിയിരിക്കുന്നതായാണ് രേഖകളിലുള്ളത്.
- മെഷർമെന്റ് ബുക്ക് പ്രകാരം 20 മഴക്കുഴികൾ , 4 കമ്പോസ്റ്റ് കുഴികൾ, 51 തെങ്ങിൻകുഴികൾ, 386 മീറ്റർ ബണ്ടുകളുടെ നിർമ്മാണം എന്നീ പ്രവർത്തികൾ നടപ്പിലാക്കിയിട്ടുള്ള തായി രേഖപ്പെടുത്തിക്കാണുന്നു.
- ഫീൽഡ്തല പരിശോധനയിൽ 50 വാഴകൾ നട്ടിട്ടുള്ളതായും (ഇവ തെങ്ങിൻകുഴി , മഴക്കുഴി എന്നിങ്ങനെ

എടുത്തു നല്കിയവയാണ്.), 11 തെങ്ങിൻകുഴികൾ, ബണ്ടുകളുടെ നിർമ്മാണം എന്നിങ്ങനെ പ്രവർത്തികൾ വിലയിരുത്താൻ സാധിച്ചു.

- ഭൂരിഭാഗം പ്രവർത്തി സ്ഥലവും കാടുപിടിച്ച നിലയിലാണ്.
- സിറ്റിസൺ ഇൻഫർമേഷൻ ബോർഡിൽ പ്രവർത്തിയുടെ കോഡ് രേഖപ്പെടുത്തിയിട്ടില്ല. പ്രവർത്തിയുടെ പേര് പാട്ടകൃഷിഎന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.
- പ്രവർത്തിയിൽ 561 തൊഴിൽ ദിനങ്ങളിലായി 155137 രൂപ ചിലവഴിച്ചിട്ടുണ്ട്.

## 6. **ഭൂവികസന പ്രവർത്തികൾ - wc/332400**

### ഫയൽ

- എഴുതി തയ്യാറാക്കിയ 25 പേരുടെ ഡിമാന്റ് ഫോം ഉണ്ടായിരുന്നു.
- മസ്ട്രോളിൽ 5 തിരുത്തലുകളും 3 പേർ തുടർച്ചയായി പ്രവർത്തിയിൽ ഹാജരാകാത്തതായും രേഖപ്പെടുത്തി ക്കാണുന്നു.

### ഫീൽഡ്

- 3 പുരയിടങ്ങളിലായി പ്രവർത്തി നടപ്പിലാക്കിയിട്ടുള്ള തായാണ് ഫയലിലെ രേഖകളിൽ നിന്നും വ്യക്തമാകുന്നത്.
- മെഷർ മെന്റ്ബുക്ക് പ്രകാരം 23 മഴക്കുഴികൾ ,3 കമ്പോസ്റ്റ് കുഴികൾ, 40 തെങ്ങിൻ കുഴികൾ , 511മീറ്റർ ബണ്ട് എന്നീ പ്രവർത്തികൾ നടപ്പിലാക്കിയിട്ടുള്ളതായി രേഖപ്പെടുത്തിക്കാണുന്നു.

- ഫീൽഡ് തല പരിശോധനയിൽ 14 തെങ്ങിൻകുഴികൾ, 4 മഴക്കുഴികൾ (നികന്നിരിക്കുന്നു), 290 മീറ്റർ ബണ്ട് എന്നീ പ്രവർത്തികൾ വിലയിരുത്താൻ സാധിച്ചു.
- ഒരു പ്രവർത്തി സ്ഥലത്ത് മണ്ണൊലിപ്പ് കാരണം പ്രവർത്തികൾ മൂടപ്പെട്ട നിലയിലാണ്.
- സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് ഉണ്ടായിരുന്നു
- പ്രവർത്തിയിലൂടെ 552 തൊഴിൽ ദിനങ്ങളിലായി 152725 രൂപ ചിലവഴിച്ചിട്ടുണ്ട്.

## 7.**ഭൂവികസന പ്രവർത്തികൾ -- WC/332385**

**ഫയൽ**

- ഡിമാന്റ് ഫോം ഫയലിൽ ഉൾക്കൊള്ളിച്ചിട്ടില്ല.
- പ്രവർത്തിയുടെ രണ്ടാം ഘട്ടത്തിലുള്ള ഫോട്ടോ ഉൾ ക്കൊള്ളിച്ചിട്ടില്ല.
- മസ്ട്രോളിൽ 3പേര് തുടർച്ചയായി ഹാജരാകാത്തതായും രേഖപ്പെടുത്തിക്കാണുന്നു.

**ഫീൽഡ്**

- 4പുരയിടങ്ങളിലായി പ്രവർത്തി നടപ്പിലാക്കിയിട്ടുല്ലതായാണ് രേഖപ്പെടുത്തി കാണുന്നത്.
- മെഷർമെന്റ് ബുക്ക് പ്രകാരം 21 മഴക്കുഴികൾ , 37 തെങ്ങിൻകുഴികൾ, 330 മീറ്റർ ബണ്ട് എന്നിങ്ങനെ ഉള്ള പ്രവർത്തികൾ നടപ്പിലാക്കിയിട്ടുള്ളതായി

രേഖപ്പെടുത്തിക്കാണുന്നു.

- ഫീൽഡ് തല പരിശോധനയിൽ 15 മഴക്കുഴികൾ , 38 തെങ്ങിൻകുഴികൾ, 135 മീറ്റർ ബണ്ട് എന്നിങ്ങനെ പ്രവർത്തി വിലയിരുത്താൻ സാധിച്ചു.
- ഒരു പുരയിടത്തിലെ പ്രവർത്തി മനസിലാക്കാൻ സാധിക്കാത്ത അവസ്ഥയിലുമാണ്.
- സിറ്റിസൺ ഇൻഫർമേഷൻ ബോർഡിലെ രേഖപ്പെടുത്തലുകൾ വ്യക്തമല്ല.
- പ്രവർത്തിയിലൂടെ 614 തൊഴിൽ ദിനങ്ങളിലായി 168139 രൂപ ചിലവഴിച്ചിട്ടുണ്ട്.

## 8. കിണർ നിർമ്മാണം – DW/320549

### ഫയൽ

- അവിദഗ്ധ, അർദ്ധ-വിദഗ്ധ തൊഴിലാളികളുടെ മസ്ട്രോളുകൾ ഉണ്ടായിരുന്നു. ആവശ്യമായ സാക്ഷ്യപ്പെടുത്തലുകൾ എല്ലാ മസ്ട്രോളുകളിലും ഉണ്ടായിരുന്നില്ല .

### ഫീൽഡ്

- മെഷർമെന്റ് ബുക്ക് പ്രകാരം 16 മീറ്റർ ആഴമുള്ള കിണർ

നിർമ്മിച്ചു എന്നാണു രേഖപ്പെടുത്തി ക്കാണുന്നത്.

- ഫീൽഡ് തല പരിശോധനയിൽ കൃത്യമായ അളവിൽ പ്രവർത്തി നടപ്പിലാക്കിയിട്ടുല്ലതായി ബോധ്യപ്പെട്ടു.
- പ്രവർത്തിയ്ക്കായി 64411 രൂപ ചിലവഴിച്ചിട്ടുണ്ട്.

## 9. കോയിക്കവിളാകം മുതൽ വേപ്പിൻവിളാകം വരെ നീർച്ചാൽ പുനരുദ്ധാരണം – WC/306957

### ഫയൽ

- 18 പേരുടെ ഡിമാന്റ് ഫോം ഉണ്ടായിരുന്നു.
- മസ്ട്രോളിൽ ഒരാൾ തുടർച്ചയായി പ്രവർത്തിയിൽ ഹാജരാകാത്തതായും രേഖപ്പെടുത്തിക്കാണുന്നു.

### ഫീൽഡ്

- 300 മീറ്റർ ദൂരപരിധിയിൽ കാട് വെട്ടി തെളിച്ചു നീർച്ചാലിലൂടെയുള്ള ജലമൊഴുക്ക് സുഗമമാക്കൽ, ചെളി കോരിമാറ്റൽ തുടങ്ങിയ പ്രവർത്തികൾ നടപ്പിലാക്കിയതായും ലീഡ് ആൻഡ് ലിഫ്റ്റ് പ്രവർത്തികൾ അനുവദിച്ചതായും രേഖപ്പെടുത്തിക്കാണുന്നു.
- ഫീല്ഡ് തല പരിശോധനയിൽ 180 മീറ്റർ ദൂരം മാത്രമാണ് പ്രവർത്തി വിലയിരുത്തൻ സാധിച്ചത്. തുടർന്ന് സഞ്ചാരയോഗ്യമല്ലാത്ത നിലയിൽ ഭൂരിഭാഗവും കാടുപിടിച്ച നിലയിലാണ് കണ്ടത്.

നീർച്ചാലിനു 40 മീറ്റർ മാത്രമേ സൈഡ് വാൾ ഉള്ളൂ. കാലക്രമേണ നീർച്ചാലിന്റെ ഭാവി ആശങ്ക ഉളവാക്കുന്നതാണ്.

- സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് ഉണ്ടായിരുന്നു.
- പ്രവർത്തിക്കായി 48020 രൂപ ചിലവഴിച്ചിട്ടുണ്ട്.

## 10. **ഊറ്റുകുഴി കൊടിതോട്ടം കോയിക്കവിളാകം നീർച്ചാൽ പുനരുദ്ധാരണം – wc/341064**

**ഫയൽ**

- 20 പേരുടെ ഡിമാന്റ് ഫോം ഉണ്ടായിരുന്നു.
- മസ്ട്രോളിൽ 2പേർ തുടർച്ചയായി ഹാജരാകാത്തതായി കാണുന്നു.

**ഫീൽഡ്**

- 400 മീറ്റര് ദൂരത്തിൽ നീർച്ചാൽ പുനരുദ്ധാരണ പ്രവർത്തിയിലൂടെ കാട് വെട്ടിതെളിക്കൽ, 447 മീറ്റർ ദൂരത്തിൽ ചെളികോരിമാറ്റൽ , 4 തടയണകളുടെ നിർമാണം എന്നീ പ്രവർത്തികൾ നടപ്പിലാക്കിയിട്ടുള്ളതായാണ് രേഖപ്പെടുത്തലുകളിലുള്ളത്.
- ഫീൽഡ്തല പരിശോധനയിൽ 368 മീറ്റർ മാത്രമാണ് അളവെടുക്കാൻ സാധിച്ചത്. നിലവിൽ നല്ല രീതിയിൽ പ്രവർത്തി നടപ്പിലാക്കിയിട്ടുണ്ട്.

എന്നാൽ പ്രസ്ഥുത പ്രവർത്തിയിൽ ലീഡ് ആൻഡ് ലിഫ്റ്റ് ആവശ്യമുള്ളതായി ബോധ്യപ്പെടുന്നില്ല.

- വീട്ടിൽ നിന്നുമുള്ള മലിനജലം നീർചാലിലേക്ക് ഒഴുക്കി വിടുന്നുണ്ട്.
- പരിശോധനയിൽ രണ്ടു തടയിണകൾ മാത്രമാണ് കാണാൻ സാധിച്ചത്.
- C.I.B ഉണ്ടായിരുന്നു.
- പ്രവർത്തിയിൽ 236 തൊഴിൽ ദിനങ്ങളിലായി 65550 രൂപ ചെലവഴിച്ചിട്ടുണ്ട്.

## 11. നഴ്സറി നിർമ്മാണം –DP/ 221855

**ഫയൽ**

- ഡിമാൻഡ് ഫോം ഉണ്ടായിരുന്നില്ല.
- മസ്ട്രോളിൽ 7 തിരുത്തലുകളും ഒരാൾ തുടർച്ചയായി പ്രവർത്തിയിൽ ഹാജരാകാത്തതായും രേഖപ്പെടുത്തിക്കാണുന്നു.

**ഫീൽഡ്**

- 1500 തൈകൾ പരിപാലിക്കപ്പെടുന്ന നഴ്സറി എന്നാണു രേഖകളിൽ കാണുന്നത്. ഇതിൽ 300 തൈകൾ നടുന്നതിനായി വ്യക്തികൾക്ക് നൽകിയിട്ടുണ്ട്.
- ഫീല്ഡ് തല പരിശോധനയിൽ വിവിധയിനങ്ങളിലായി

1164 തൈകൾ  പരിപാലിക്കപ്പെടുന്നതായി കാണാൻ സാധിച്ചു.

- C.I.B ഉണ്ടായിരുന്നു.

**പൊതുവായ കണ്ടെത്തലുകൾ**

- കവർ പേജ് , ചെക്ക് ലിസ്റ്റ്, ആക്ഷൻ പ്ലാൻ  കോപ്പി, പ്രവർത്തി

  പൂർത്തീകരണ സാക്ഷ്യപത്രം, മസ്ട്രോൾ മൂവ്മെന്റ് സ്ലിപ്പ്, ഫയൽ ട്രാക്കിംഗ് ഫോം ,F.T.O (ഒരു  പ്രവർത്തിയിൽ ഒഴികെ )  മുതലായ രേഖകൾ ഫയലുകളിൽ   ഉണ്ടായിരുന്നില്ല.

- പാട്ടകൃഷി ഭൂവികസന പ്രവർത്തികളുടെ മാതൃകയിലാണ് ചെയ്തിരിക്കുന്നത്.

- നീർച്ചാൽ പുനരുദ്ധാരണ  പ്രവർത്തികളിൽ തൊഴിലാളികൾക്ക് ആവശ്യമായ സുരക്ഷ സംവിധാനങ്ങൾ  ലഭ്യമാകുന്നില്ല എന്നാണു ബോധ്യപ്പെടുന്നത്.

- ഡിമാന്റ് ഫോമിനു  മുകളിൽ  ആവശ്യമായ രേഖപ്പെടുത്തലുകൾ ഇല്ല.

- വിജിലൻസ് ആൻഡ്  മോണിട്ടറിംഗ് കമ്മിറ്റി അംഗങ്ങളായി ADS അംഗങ്ങൾ  മാത്രമാണ് ഒപ്പിട്ടിരിക്കുന്നത്.

- ഒരു ഫയൽ  ഒഴികെ മറ്റൊന്നിലും പരിശോധന ഉദ്യോഗസ്ഥന്റെ  ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല.

**നിർദ്ദേശങ്ങൾ**

- നിയമ പ്രകാരം ഫയലിൽ ഉൾക്കൊള്ളിക്കേണ്ടാതായ രേഖകൾ ഫയലിൽ ഉൾക്കൊള്ളിക്കേണ്ടാതാണ് .
- മസ്ട്രോളിൽ ആബ്സന്റ്റ് ചുവന്ന മഷി കൊണ്ട് രേഖപ്പെടുത്തേണ്ടതാണ്.
- പ്രവർത്തി അനുവദിക്കുന്ന ഫോം ഫയലിൽ ഉൾപ്പെടുത്തേണ്ടതാണ് ഇതിൽ സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലുകൾ അനിവാര്യമാണ്.
- തൊഴിലാളികൾക്ക് ആവശ്യമായ സുരക്ഷാ സൗകര്യങ്ങൾ ഒരുക്കി നൽകേണ്ടതാണ്.
- തൊഴിലിട സൗകര്യങ്ങൾക്ക് മേറ്റ്മാർ ചിലവാക്കുന്നതായ തുക ലഭ്യമാക്കേണ്ടതാണ്.
- പ്രവർത്തികൾ മനസിലാക്കി ഏറ്റെടുക്കേണ്ടതാണ്.
- സന്ദർശകക്കുറിപ്പ് ഉൾപ്പെടെയുള്ള രേഖകളിൽ പദ്ധതിയുമായി ബന്ധപ്പെട്ട അധികാരികളുടെ സാക്ഷ്യപ്പെടുത്തലുകൾ അനിവാര്യമാണ്.

**റിപ്പോർട്ട് തയ്യാറാക്കിയത്**

**അനുശ്രീ**

**ബ്ലോക്ക് റിസോഴ്സ് പേഴ്സൺ**

**പാറശ്ശാല**